Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : കൈറ്റ്/2021/1562(20) തീയതി : 16.11.2021

## സർക്കുലർ

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതും 2020-2023 ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ. ഉ(സാധാ) നം.361/2018/പൊ.വി.വ തീയതി 20.01.2018.
2. ഈ ഓഫീസിലെ 22.03.2021 ലെ KITE/2021/18-2 നമ്പർ സർക്കുലർ
3. ഈ ഓഫീസിലെ 08.11.2021 ലെ കൈറ്റ്/2021/1562(19) നമ്പർ സർക്കുലർ
4. ഈ ഓഫീസിലെ 10.11.2021 ലെ കൈറ്റ്/2021/1562(19-1) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിൽ 2021-22 അധ്യയന വർഷം ഒൻപതാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് ലിറ്റിൽ കൈറ്റ്സിന്റെ 2020-23 ബാച്ചിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് സൂചന 2 പ്രകാരം നിർദേശിച്ചിരുന്നു. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് 2021 നവംബർ 20-ന് അഭിരുചി പരീക്ഷ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന 3, 4 പ്രകാരം പുറപ്പെടുവിച്ചിരുന്നു. കോവിഡ് 19 ലോക്ഡൗൺ ലിറ്റിൽകൈറ്റിന്റെ പ്രവർത്തനങ്ങളേയും ബാധിച്ചിട്ടുണ്ട്. എട്ടാംക്ലാസിൽ ആരംഭിക്കുന്ന ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ 9, 10 ക്ലാസുകളിലും കൃത്യമായി നടത്തേണ്ടതുണ്ട്. എന്നാൽ ഏതാനും ചില യൂണിറ്റുകളിലെ പ്രവർത്തനങ്ങളിൽ വേണ്ടത്ര ഫലപ്രദമായിരുന്നില്ല എന്ന് 15.11.2021 ലെ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഓൺലൈൻ യോഗത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് അവരുടെ പ്രവർത്തന മികവിന്റേയും ആക്ടിവിറ്റികളുടേയും അടിസ്ഥാനത്തിൽ ഗ്രേഡ് സർട്ടിഫിക്കറ്റും അതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്കും പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റുമെല്ലാം അനുവദിച്ചിട്ടുണ്ട്. 2021-22 വർഷം മുതൽ അംഗങ്ങൾക്ക് ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രവർത്തനങ്ങൾ വിലിയരുത്തുന്നതിനുപരി പ്രത്യേക അഭിരുചി പരീക്ഷയും ക്രമീകരിക്കുന്നതാണ്. മേൽ സാഹചര്യ ത്തിൽ ലിറ്റിൽ കൈറ്റ്സ് 2020-23 ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് വ്യക്തതവരുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സൂചന 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈറ്റ് പ്രസിദ്ധപ്പെടുത്തിയ 'പ്രവർത്തന പദ്ധതി രൂപരേഖ' അനുസരിച്ച് പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ മാത്രമായിരിക്കും 2020-2023 ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് അഭിരുചി പരീക്ഷ നടത്തുന്നത്. ആയതിനാൽ അനുബന്ധമായിച്ചേർത്തിരിക്കുന്ന വിശദാംശങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകർ പൂരിപ്പിച്ച് 2021 നവംബർ 19-നുമുമ്പ് കൈറ്റിന്റെ അതത് ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

2. ലിറ്റിൽകൈറ്റ്സ് യൂണിറ്റിലേക്ക് അംഗങ്ങളാകുന്നതിന് മുൻപ് അപേക്ഷ സമർപ്പിക്കാൻ ഏതെങ്കിലും കാരണങ്ങളാൽ അവസരം ലഭിക്കാതിരുന്നതോ സ്കൂളിൽ പുതുതായി പ്രവേശനം ലഭിക്കുകയോ ചെയ്ത എല്ലാ കുട്ടികൾക്കും അവസരം നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ 2021-22 അധ്യയന വർഷം ഒൻപതാം ക്ലാസിൽ പഠിക്കുന്നതും ലിറ്റിൽകൈറ്റ്സ് യൂണിറ്റിലേക്ക് അംഗങ്ങളാകാൻ താല്പര്യമുള്ളതുമായ എല്ലാ കുട്ടികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് അഭിരുചി പരീക്ഷക്കായി ഇതുവരെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ ഓൺലൈനിൽ 19.11.2021-നകം രജിസ്റ്റർ ചെയ്യുന്നതിന് അതത് സ്കൂൾ പ്രഥമാധ്യാപകർ പ്രത്യേക ക്രമീകരണം ഒരുക്കേണ്ടതും എല്ലാ കുട്ടികൾക്കും അവസരം ലഭ്യമായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ ഓരോ യൂണിറ്റിന്റേയും പ്രവർത്തനങ്ങൾ പരിശോധിച്ച് ജില്ലാകോർഡിനേറ്റർമാർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

4. യൂണിറ്റുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകർ നൽകുന്ന വിശദാംശങ്ങളും (അനുബന്ധമായി ചേർത്തിരിക്കുന്ന വിശദാംശങ്ങൾ പൂരിപ്പ് നൽകുന്നത്) മാസ്റ്റർ ട്രെയിനർമാർമാരുടെ റിപ്പോർട്ടും പരിശോധിച്ച് ജില്ലാ കോർഡിനേറ്റർമാരുടെ ശുപാർശ സഹിതം അഭിരുചി പരീക്ഷ നടത്തേണ്ട (2020-23 ബാച്ചിന് പ്രവർത്തനാനുമതി നൽകേണ്ട) യൂണിറ്റുകളുടെ ലിസ്റ്റ് 22.11.2021ന് മുൻപ് സ്റ്റേറ്റ് ഓഫീസിലേക്ക് നൽകേണ്ടതാണ്.

മേൽ സാഹചര്യത്തിൽ 20.11.2021 ന് നിശ്ചയിച്ചിരുന്ന അഭിരുചി പരീക്ഷ 27.11.2021 ന് മുൻ സമയക്രമപ്രകാരം തന്നെ നടത്തുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ

# ലിറ്റിൽ കൈറ്റ്സ്

## യൂണിറ്റ് വിലയിരുത്തൽ ഫാറം

| | | |
|---|---|---|
| സ്കൂൾ കോഡ് | : | |
| സ്കൂൾ | : | |
| ലിറ്റിൽ കൈറ്റ് യൂണിറ്റ് രജിസ്ട്രേഷൻ നമ്പർ | : | |
| കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സുമാരുടെ പേര്, ഫോൺ | : | |
| | : | |
| സ്കൂൾ വിക്കി അവസാനമായി അപ്ഡേറ്റ് ചെയ്ത തീയതി | : | |
| 'തിരികെ വിദ്യാലയത്തിലേക്ക്' ഫോട്ടോഗ്രാഫി മത്സരത്തിന് അപ്‌ലോഡ് ചെയ്ത ഫോട്ടോകളുടെ എണ്ണം | : | |
| 2020-21 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള ഓൺലൈൻ ക്ലാസുകൾ കാണാൻ കുട്ടികൾക്ക് നൽകിയ പിന്തുണ | : | |
| ഓൺലൈൻ ക്ലാസുകൾ വീക്ഷിച്ച അംഗങ്ങളുടെ എണ്ണം | : | |
| മുൻവർഷത്തെ പ്രവർത്തന മികവുകൾ (മുൻഗണന ക്രമത്തിൽ 3 എണ്ണം) | : | 1.<br><br>2.<br><br>3. |

സ്കൂൾ മേധാവിയുടെ പേര് :

ഒപ്പ്:

സീൽ:

(സ്കൂൾ സീൽ)